# കേരള സർവകലാശാല

നം. പി.ആർ.074/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.എ ഫലം

2017 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ മലയാളം ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷ

ഏപ്രിൽ 30-ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.കോം ആന്വൽ സ്കീം (എസ്.ഡി.ഇ, പ്രൈവറ്റ്) പാർട്ട് മൂന്ന് പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 13, 50 രൂപ പിഴയോടെ ഏപ്രിൽ 17, 125 രൂപ പിഴയോടെ ഏപ്രിൽ 19 വരെയും ഫീസടച്ച് അപേക്ഷിക്കാം. 2014 അഡ്മിഷൻ മുതലുള്ളവർ ഓൺലൈനായി (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിലൂടെയും മറ്റുള്ളവർ നേരിട്ട് അപേക്ഷാഫോമിലൂടെയും ഏപ്രിൽ അഞ്ച് മുതൽ അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ടെക് ഫലം

2017 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.ടെക് (ഇൻറ്റേണൽ) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ഫലം

2017 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി ബോട്ടണി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ: ഈവനിംഗ് ബാച്ച് – പ്രവേശനം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ ഈവനിംഗ് കോഴ്സിന് ഏപ്രിൽ 21 വരെ അപേക്ഷിയ്ക്കാം. യോഗ്യത: പ്ലസ് ടു/പ്രീ-ഡിഗ്രി ജയിച്ചിരിക്കണം. ഫീസ്: 6000/- രൂപ. അപേക്ഷാഫീസ്: 100 രൂപ. ക്ലാസ്സുകൾ: തിങ്കൾ മുതൽ ശനി വരെ വൈകുന്നേരം അഞ്ച് മണി മുതൽ ഏഴ് മണി വരെ. വിശദവിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംങ്ഷനിലെ CACEE ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471-2302523.

## പി.ജി ഡിപ്ലോമ ഇൻ യോഗാതെറാപ്പി (മോർണിംഗ് ബാച്ച്) പ്രവേശനം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ യോഗാതെറാപ്പി (മോർണിംഗ് ബാച്ച്) കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. കേരള സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാനയോഗ്യത. കോഴ്സ് കാലാവധി ഒരു വർഷം. ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ രാവിലെ ഏഴ് മണി മുതൽ ഒൻപത് മണി വരെ. കോഴ്സ് ഫീസ്: 19,500/-. അപേക്ഷാഫീസ്: 100 രൂപ. അവസാന തീയതി: ഏപ്രിൽ 21. വിശദവിവരങ്ങൾക്ക്: 0471-2302523.

## ബി.എ പരീക്ഷ

മേയ് രണ്ടിന് ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.എ (ആന്വൽ സ്കീം)/ബി.എ (അഫ്സൽ-ഉൽ-ഉലാമ) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പ്രസ്തുത പരീക്ഷയ്ക്ക് ഏപ്രിൽ നാല് മുതൽ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ഡിപ്ലോമ ഇൻ ജെറിയാട്രിക് കൗൺസലിംഗ്

കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ ഒരു വർഷ ഡിപ്ലോമ കോഴ്സിന് (പി.ജി.ഡി.ജി.സി) ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ഫോൺ: 9447221421.

തിരുവനന്തപുരം.
03.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098